ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:06.08.2024**

## പ്രധാനവാർത്തകൾ

1. **രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ദ്വിദിന ഫിജി സന്ദർശനം തുടരുന്നു. ഇന്ത്യ-ഫിജി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുരാജ്യങ്ങളുടെയും രാഷ്ട്രത്തലവന്മാർ ചർച്ചകൾ നടത്തി.**

2. **ബിംസ്റ്റെക് ബിസിനസ് ഉച്ചകോടിക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം. വിദേശകാര്യമന്ത്രി ഡോ. എസ് ജയ്ശങ്കർ ഉദ്ഘാടനം ചെയ്യും.**

3. **വയനാട് ഉരുൾപൊട്ടലിൽ കാണാതായവരുടെ പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചതായി റവന്യൂ മന്ത്രി കെ രാജൻ. ദുരിതാശ്വാസ ക്യാമ്പുകൾ അവസാനിക്കുന്ന മുറയ്ക്ക് വയനാട്ടിൽ ക്ലാസ്സുകൾ ആരംഭിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി.**

4. **വയനാട്ടിൽ നടക്കുന്ന രക്ഷാപ്രവർത്തനം നമ്മുടെ നാടിന്റെ സംസ്കാരവും ഒത്തൊരുമയും വിളിച്ചോതുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

5. **ബംഗ്ലാദേശ് വിഷയത്തിൽ ന്യൂഡൽഹിയിൽ ഇന്ന് സർവകക്ഷിയോഗം ചേർന്നു. അതിർത്തിയിലെ സ്ഥിതിഗതികൾ സസൂക്ഷ്മം നിരീക്ഷിച്ച് ഇന്ത്യ.**

6. **പാരിസ് ഒളിമ്പിക്സിൽ പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ നീരജ് ചോപ്ര ഇന്ന് മത്സരിക്കും.**

RNU TVPM

==========================================

## രാഷ്ട്രപതി- ഫിജി

ഫിജിയിലെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമുവിന് ഫിജിയൻ പ്രസിഡന്റ് രാതു വില്യം മായ് വലിലി കറ്റോണിവേറെ ഊഷ്മള വരവേൽപ് നൽകി. ഇന്ത്യ-ഫിജി ബന്ധം കൂടുതൽ ആഴത്തിലാക്കുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്തതായി രാഷ്ട്രപതി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. ഫിജിയൻ പ്രധാനമന്ത്രിയുമായും രാഷ്ട്രപതി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. നേരത്തെ ഫിജിയൻ പാർലമെന്റിനെ രാഷ്ട്രപതി അഭിസംബോധന ചെയ്തു. ഫിജിയിലെ 100 കിടക്കകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയ്ക്കും കൾച്ചറൽ സെന്റർ കോംപ്ലക്സിനും ഉള്ള രേഖകൾ ഔപചാരികമായി കൈമാറുന്ന ചടങ്ങുകൾക്ക് രാഷ്ട്രപതി ദ്രൗപതി മുർമു, ഫിജി പ്രധാനമന്ത്രി സിതിവേണി റബുക്ക എന്നിവർ നേതൃത്വം നൽകി.

RNU TVPM

==========================================

## രാഷ്ട്രപതി

ഫിജിയുടെ തലസ്ഥാന നഗരിയായ സുവയിൽ ഇന്ത്യൻ സമൂഹം നൽകിയ സ്വീകരണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുത്തു. ഇന്ത്യൻ വംശജർ സ്വന്തം സംസ്കാരവും മൂല്യങ്ങളും അതേപടി നിലനിർത്തുന്നതിൽ രാഷ്ട്രപതി സന്തോഷം പ്രകടിപ്പിച്ചു. ഹിന്ദി ഔദ്യോഗിക ഭാഷയാണെന്ന് അറിഞ്ഞതിൽ സന്തോഷിക്കുന്നതായും അവർ പറഞ്ഞു.

==========================================

## ബിംസ്റ്റെക് ബിസിനസ് ഉച്ചകോടി

ബിംസ്റ്റെക് ബിസിനസ് ഉച്ചകോടി ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ ത്രിദിന ബിസിനസ് ഉച്ചകോടി ഉദ്ഘാടനം ചെയ്യും.

വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ മുഖ്യപ്രഭാഷണം നടത്തും. ദക്ഷിണേഷ്യയിലെയും തെക്കുകിഴക്കൻ ഏഷ്യയിലെയും ഏഴ് അംഗരാജ്യങ്ങൾ ഉൾപ്പെടുന്ന പ്രാദേശിക സംഘടനയാണ് ബിംസ്റ്റെക്. ബംഗാൾ ഉൾക്കടലിന്റെ തീരത്ത് ദക്ഷിണേഷ്യൻ, തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ തമ്മിലുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹകരണമാണ് ഉച്ചകോടിയുടെ പ്രധാന ലക്ഷ്യം. വ്യാപാര സുഗമമാക്കൽ, പ്രാദേശിക കണക്റ്റിവിറ്റി, ഊർജ്ജ സുരക്ഷ, സാമ്പത്തിക വളർച്ച, സുസ്ഥിര വികസനം തുടങ്ങിയ മേഖലകളിൽ അംഗരാജ്യങ്ങൾ സഹകരിച്ചു പ്രവർത്തിക്കുന്നു.

========================================

## പാർലമെന്റ്

പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇടതുപക്ഷ തീവ്രവാദത്തിൽ ഗണ്യമായ കുറവുണ്ടായതായി കേന്ദ്ര സർക്കാർ ലോക് സഭയിൽ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണത്തിൽ 2004 - 2014 കാലയളവിനെ അപേക്ഷിച്ച് 2014 - 2024 കാലയളവിൽ 53 ശതമാനം കുറവുണ്ടായി. ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് ആണ് ഇക്കാര്യം വ്യക്തമാക്കിയത്. നക്സൽ ബാധിത ജില്ലകളുടെ എണ്ണം 126 ൽ നിന്ന് 38 ആയി കുറഞ്ഞു.

RNU TVPM

========================================

## കെ രാജൻ- വയനാട്

വയനാട് ഉരുൾപൊട്ടലിൽ കാണാതായവരുടെ പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചതായി റവന്യൂ മന്ത്രി കെ രാജൻ. ലഭ്യമായ വിവരങ്ങൾ ഉൾകൊള്ളിച്ചുള്ള പട്ടിക ഇന്ന് വൈകുന്നേരത്തോടെ പുറത്തുവിടും. ഇത് പൊതുജനങ്ങളിലേക്ക് എത്തുന്ന മുറയ്ക്ക് വിട്ടുപോയിട്ടുള്ളവരെ

കൂടി ഉൾപ്പെടുത്താനാകുമെന്നും ശേഷം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുമെന്നും ശ്രീ കെ രാജൻ വയനാട്ടിൽ മാധ്യമങ്ങളോട് പറഞ്ഞു. മന്ത്രി എ കെ ശശീന്ദ്രനും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

==========================================

## വയനാട് - വി ശിവൻകുട്ടി

വയനാട്ടിലെ ദുരന്തബാധിത മേഖലകളിൽ സർട്ടിഫിക്കറ്റുകളും വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട രേഖകളും നഷ്ടപ്പെട്ട കുട്ടികൾക്ക് ക്ലാസ് തുടങ്ങുന്ന മുറയ്ക്ക് അത് വിതരണം ചെയ്യണമെന്ന് മന്ത്രി വി ശിവൻകുട്ടി. ക്യാമ്പ് നടത്തിയാണ് അവ വിതരണം ചെയ്യേണ്ടതെന്നും വയനാട് മേപ്പാടി ഹയർ സെക്കൻഡറി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച ശേഷം നടന്ന യോഗത്തിൽ അദ്ദേഹം ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ക്യാമ്പ് അവസാനിക്കുന്ന മുറയ്ക്ക് ക്ലാസ്സുകൾ ആരംഭിക്കും. കുട്ടികൾക്ക് ആവശ്യമായ പാഠ്യവസ്തുക്കളുടെ കിറ്റ് വിതരണം ചെയ്യും. ആവശ്യമായ തുക പൊതുവിദ്യാഭ്യാസ വകുപ്പ് വഹിക്കുമെന്നും മന്ത്രി പറഞ്ഞു.

RIJUTVPM

==========================================

## വയനാട് – (ഇൻട്രോ)

വയനാട്ടിലെ മുണ്ടക്കൈ ചൂരൽമല മേഖലകളിലെ ഉരുൾ പൊട്ടലിൽ കാണാതായവർക്കായുള്ള തിരച്ചിൽ എട്ടാം ദിവസവും പുനരാരംഭിച്ചു. ഹെലികോപ്റ്റർ ഉപയോഗിച്ചും ഇന്ന് തിരച്ചിൽ നടത്തുന്നുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി**
**വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസന്റ്.**
**(വോയിസ്........)**

==========================================

## പാസിങ് ഔട്ട് പരേഡ്

വയനാട് ദുരന്ത മുഖത്ത് രക്ഷാ പ്രവർത്തനത്തിനായി കേരളീയ സമൂഹം പ്രകടിപ്പിച്ച ഒത്തൊരുമ മാതൃകാപരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എസ്.എ.പി, കെ.എ.പി - 5 ബറ്റാലിയനുകളിൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരുടെ  പാസിങ് ഔട്ട് പരേഡിനെ അഭിവാദ്യം ചെയ്ത ശേഷം സേനാനാംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. നമ്മുടെ നാടിന്റെ ഉന്നതമായ സംസ്കാരം വെളിവാക്കുന്ന തരത്തിൽ എല്ലാത്തരം വ്യത്യാസങ്ങൾക്കും അതീതമായ രക്ഷാ ദൗത്യമാണ് വയനാട്ടിൽ നടന്നു കൊണ്ടിരിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. രക്ഷാ പ്രവർത്തനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന സേവനമാണ് കേരളാ പോലീസിന്റേതെന്നും അദ്ദേഹം വ്യക്തമാക്കി. പുതിയ 117 പോലീസ് വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് മുഖ്യമന്ത്രി നിർവ്വഹിച്ചു.

RNU TVPM

=======================================

## ബംഗ്ലാദേശ്

രാഷ്ട്രീയ അനിശ്ചിതത്വം നിലനിൽക്കുന്ന ബംഗ്ലാദേശിൽ പാർലമെന്റ്  പിരിച്ചുവിട്ട് ഇടക്കാല സർക്കാർ രൂപീകരിക്കുമെന്ന് പ്രസിഡന്റ്  മുഹമ്മദ് ഷഹാബുദ്ദീൻ. രാജിവെച്ച പ്രധാനമന്ത്രി ഷെയ്ഖ് ഹസീന  ഇന്നലെ സൈനിക വിമാനത്തിൽ ഇന്ത്യയിലെത്തി. ശ്രീമതി ഷെയ്ഖ് ഹസീന ഇപ്പോഴും ഇന്ത്യയിൽ തുടരുകയാണ്. അതിനിടെ, ഇന്ത്യയിൽ നിന്ന് ബംഗ്ലാദേശിലേക്കും തിരിച്ചുമുള്ള വിമാനസർവീസുകൾ പുനഃക്രമീകരിച്ചതായി വിമാന കമ്പനികൾ അറിയിച്ചു.

=======================================

## സർവകക്ഷിയോഗം

ബംഗ്ലാദേശ് വിഷയത്തിൽ ഇന്ന് ന്യൂഡൽഹിയിൽ സർവകക്ഷിയോഗം ചേർന്നു. യോഗത്തിൽ വിദേശകാര്യ മന്ത്രി ഡോ.എസ് ജയ്ശങ്കർ വിഷയം വിശദീകരിച്ചു. രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്, ആഭ്യന്തര മന്ത്രി അമിത് ഷാ, പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു, കേന്ദ്രമന്ത്രിയും ബിജെപി അധ്യക്ഷനുമായ ജെ പി നഡ്ഡ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, ടിഎംസി നേതാവ് സുദീപ് ബന്ദ്യോപാധ്യായ, എൻ.സി.പി (എസ്പി) നേതാവ് സുപ്രിയ സുലെ, ആർജെഡി നേതാവ് മിസ ഭാരതി, എസ്പി നേതാവ് രാം ഗോപാൽ യാദവ്, ഡി.എം.കെ യുടെ ടി. ആർ ബാലു എന്നിവർ പങ്കെടുത്തു. വിഷയത്തിൽ രാഷ്ട്രീയ കക്ഷികൾ സർക്കാരിന് നൽകിയ പിന്തുണയെ വിദേശകാര്യമന്ത്രി അഭിനന്ദിച്ചു.

PNU TVPM

==========================================

## തരംഗ് ശക്തി 2024

ബഹുരാഷ്ട്ര വ്യോമാഭ്യാസമായ **'തരംഗ് ശക്തി 2024'** ന് ഇന്ത്യ ആതിഥേയത്വം വഹിക്കും. തമിഴ്നാട്ടിലെ സുലാറിൽ ഇന്ന് ആരംഭിച്ച വ്യോമാഭ്യാസത്തിൽ 30 രാജ്യങ്ങൾ പങ്കെടുക്കും. പത്ത് രാജ്യങ്ങളുടെ യുദ്ധവിമാനങ്ങൾ അഭ്യാസത്തിൽ പങ്ക് ചേരും. ഇന്ത്യയുടെ പ്രതിരോധ ശേഷി പ്രദർശിപ്പിക്കാനും പരസ്പര പ്രവർത്തനക്ഷമത വളർത്തുന്നതിനും രണ്ട് ഘട്ടങ്ങളായി നടക്കുന്ന അഭ്യാസം ലക്ഷ്യമിടുന്നു. ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച യുദ്ധവിമാനങ്ങളും ഉപകരണങ്ങളും പ്രദർശിപ്പിക്കും. തേജസ്, റഫാൽ, മിറാഷ് 2000, ജാഗ്വാർ, മിഗ്-29 തുടങ്ങിയ ഇന്ത്യയുടെ യുദ്ധവിമാനങ്ങൾ അഭ്യാസത്തിൽ പങ്കെടുക്കും.

==========================================

## ഹിരോഷിമ ദിനം

ഇന്ന് ഹിരോഷിമ ദിനം. 1945-ലെ ഹിരോഷിമ അണുബോംബ് സ്ഫോടനത്തിന്റെ 79-ാം വാർഷികം. ജപ്പാനിലെ ഹോൺ ഷൂ ദ്വീപിലെ ഹിരോഷിമ നഗരത്തിലാണ് ലോകത്ത് ആദ്യമായി അമേരിക്ക അണുബോംബ് പ്രയോഗിച്ചത്. ഒന്നര ലക്ഷത്തിലേറെ പേരെയാണ് ബോംബ് കൊന്നൊടുക്കിയത്. അണുവികിരണ ത്തിന്റെ ദുരന്തം പേറി ജപ്പാനിൽ ഇന്നും നിരവധി പേർ ജീവിക്കുന്നു. ലോകയുദ്ധത്തിൻറെ കയ്പ്പേറിയ ഓർമ്മയായി ഈ ദിനം ചരിത്രത്തിൽ ഇന്നും മായാതെ അവശേഷിക്കുന്നു.

==========================================

## പരാതിപരിഹാര സെൽ-വയനാട്

വയനാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന സംഭാവനകൾ, അനുബന്ധ വിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നുയരുന്ന അന്വേഷണങ്ങൾക്ക് മറുപടി നൽകുന്നതിന് ധനവകുപ്പിൽ താൽക്കാലിക പരാതിപരിഹാര സെൽ രൂപീകരിച്ച് സർക്കാർ ഉത്തരവിട്ടു.

RIU TVPM

==========================================

## പാരീസ് ഒളിമ്പിക്സ്

പാരിസ് ഒളിമ്പിക്സിൽ പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ നീരജ് ചോപ്ര ഇന്ന് മത്സരിക്കും. ക്വാളിഫിക്കേഷൻ ഗ്രൂപ്പ് ബി-യിലാണ് നീരജ് മത്സരിക്കുന്നത്. ഗ്രൂപ്പ് എ യിൽ ഇതേ ഇനത്തിൽ കിഷോർ കുമാറും മത്സര രംഗത്തുണ്ട്. വനിതകളുടെ 400 മീറ്റർ ഓട്ടത്തിൽ കിരൺ പാഹൽ രണ്ടാം ഊഴത്തിനായി ഇറങ്ങും.

ഇന്ന് ഹോക്കി, അത്-ലറ്റിക്സ്, ടേബിൾ ടെന്നിസ്, ഗുസ്തി ഇനങ്ങളിൽ ഇന്ത്യൻ സംഘം കളത്തിലിറങ്ങും. ഇതുവരെ ഇന്ത്യയ്ക്ക് മൂന്ന് മെഡലുകളാണ് ലഭിച്ചത്. 21 സ്വർണ്ണവും

18 വെള്ളിയും 14 വെങ്കലവുമാണ് ചൈന നേടിയത്. 20 സ്വർണ്ണവും 30 വെള്ളിയും 28 വെങ്കലുമാണ് അമേരിക്ക സ്വന്തമാക്കിയത്.

=========================================

## ഇടുക്കി – (ഇൻട്രോ)

ഇടുക്കി പെട്ടിമുടി ദുരന്തത്തിന് ഇന്ന് നാല് വയസ്. 2020 ഓഗസ്റ്റ് ആറിനാണ് നാടിനെ കണ്ണീരിലാഴ്ത്തിയ ഉരുൾപൊട്ടലുണ്ടായത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..**

**(വോയിസ്.....)**

=========================================

## വന്ദനദാസ് കൊലക്കേസ്

ഡോക്ടർ വന്ദനദാസ് കൊലക്കേസിൽ സാക്ഷിവിസ്താരം അടുത്തമാസം ഒൻപതിന് ആരംഭിക്കും. കേസിലെ 50 സാക്ഷികളെ ഒന്നാംഘട്ടത്തിൽ വിസ്തരിക്കും. 34 ഡോക്ടർമാരെയാണ് പ്രോസിക്യൂഷൻ സാക്ഷിപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നഴ്സുമാർ, ആംബുലൻസ് ഡ്രൈവർമാർ, ഹോസ്പിറ്റൽ സെക്യൂരിറ്റി ജീവനക്കാർ തുടങ്ങിയവരും സാക്ഷികളാണ്. 2023 മെയ് 10-ന് പുലർച്ചെയായിരുന്നു കേസിന് ആസ്പദമായ സംഭവം.

=========================================

## വാളയാർ കേസ്

വാളയാർ കേസ് എറണാകുളം സി.ബി.ഐ പ്രത്യേക കോടതിയിലേക്ക് മാറ്റാൻ  ഹൈക്കോടതി അനുവാദം നൽകി. നിലവിൽ എറണാകുളം പോക്സോ കോടതിയിലാണ് കേസ് നടക്കുന്നത്.

RNU TVPM

========================================

**വടകര - അപകടം**

വടകര എടച്ചേരിയിൽ സ്കൂൾ വാഹനവും സ്വകാര്യ ബസും കൂട്ടിയിടിച്ച് എട്ട് വിദ്യാർഥികൾക്കും ഡ്രൈവർക്കും പരിക്ക്. ഓർക്കാട്ടേരി എം എം ഓർഫനേജ് സ്കൂളിലെ കുട്ടികൾക്കാണ് ഇന്ന് രാവിലെയുണ്ടായ അപകടത്തിൽ പരിക്കേറ്റത്. ഇവരെ വടകരയിലെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

========================================

**ശസ്ത്രക്രിയ - തിരുവനന്തപുരം**

തിരുവനന്തപുരത്ത് ശസ്ത്രക്രിയ കഴിഞ്ഞ രോഗിയുടെ തുന്നലിനുള്ളിൽ കയ്യുറ കണ്ടെത്തി. ജില്ലയിലെ ജനറൽ ആശുപത്രിയിലാണ് ഗുരുതരമായ ചികിത്സാ പിഴവ് കണ്ടെത്തിയത്. നെടുമങ്ങാട് സ്വദേശി ഷിനുവിന്റെ ശരീരത്തിലെ മുറിവിൽ ആണ് കയ്യുറ മറന്നുവച്ചത്. സംഭവത്തിൽ പോലീസിനും ആരോഗ്യമന്ത്രിക്കും പരാതി നൽകുമെന്ന് ഷിനുവും കുടുംബവും പറഞ്ഞു.

RNUTVPM

========================================

**ഷോക്കേറ്റ് മരിച്ചു**

പത്തനംതിട്ട പന്തളം കൂരമ്പാല തോട്ടുകര പാലത്തിന് സമീപം രണ്ടുപേർ ഷോക്കേറ്റ് മരിച്ചു. കൂരമ്പാല സ്വദേശികളായ ചന്ദ്രശേഖരൻ പിള്ള, ഗോപാലപിള്ള എന്നിവരാണ് മരിച്ചത്. പന്നി കയറാതിരിക്കാൻ കൃഷിസ്ഥലത്ത് കെട്ടിയ വൈദ്യുതി ലൈനിൽ നിന്നാണ് ഷോക്കേറ്റത്.

========================================

========================================